**പതിമൂന്നാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത**
**ചോദ്യം നമ്പർ. 7230**

**03.11.2011-ൽ മറുപടിയ്ക്ക്**

# കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ നടപടി

**ചോദ്യം**

ശ്രീ. വി. ഡി. സതീശൻ
,, കെ. മുരളീധരൻ
,, സി.പി. മുഹമ്മദ്

**ഉത്തരം**

**ശ്രീ.കെ.സി. ജോസഫ്**
**(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരിക കാര്യവും വകുപ്പ് മന്ത്രി)**

എ. തൊഴിലുറപ്പ് പദ്ധതി ദരിദ്ര ജനവിഭാഗങ്ങൾക്കു കൊടുക്കുന്ന രീതിയിൽ കേന്ദ്രഫണ്ട് മുഴുവൻ വിനിയോഗിക്കാൻ എന്തെല്ലാം കർമ്മ പരിപാടികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത് ;

എ. **മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ജില്ലകളുടെ ലേബർ ബഡ്ജറ്റിന്റെ അടിസ്ഥാനത്തിലാണ് ഒരു സാമ്പത്തിക വർഷം കേന്ദ്രം ഫണ്ട് അനുവദിക്കുന്നത്. സംസ്ഥാനത്തെ 14 ജില്ലകൾക്കായി നടപ്പുവർഷം 932 കോടി രൂപയുടെ ലേബർ ബഡ്ജറ്റ് കേന്ദ്രസർക്കാർ അംഗീകരിച്ചിട്ടുണ്ട്. നടപ്പ് സാമ്പത്തികവർഷം ഒക്ടോബർ 30 വരെയുള്ള കാലയളവിലേയ്ക്ക് ലേബർ ബഡ്ജറ്റിൽ ലക്ഷ്യമിട്ടിട്ടുള്ള ചെലവിന്റെ 84% ഇതിനകം വിനിയോഗിച്ചു കഴിഞ്ഞു. തൊഴിലുറപ്പ് പദ്ധതിയിൽ പ്രവൃത്തികൾ ഏറ്റെടുക്കുന്നതിന് അനുയോജ്യമായ കാലാവസ്ഥ നടപ്പു സാമ്പത്തിക വർഷത്തെ ശേഷിക്കുന്ന മാസങ്ങളിലായതിനാൽ ലേബർ ബഡ്ജറ്റിൽ നടപ്പ് സാമ്പത്തിക വർഷാവസാനം ലക്ഷ്യമിട്ടിട്ടുള്ള ചെലവ് സാക്ഷാൽക്കരിക്കുമെന്ന് പ്രതീക്ഷിക്കുന്നു. നിലവിൽ, സാധനസാമഗ്രികൾ ഉപയോഗിച്ചുള്ള പ്രവൃത്തികൾ ഏറ്റെടുക്കുന്നതിന് പരിമിതിയുണ്ട്. സാധനസാമഗ്രികൾ വാങ്ങുന്നതിനും സംഭരിക്കുന്നതിനും വിനിയോഗിക്കുന്നതിനുമുള്ള മാർഗ്ഗനിർദ്ദേശങ്ങൾ രൂപപ്പെടുത്തുന്നതിനുമുള്ള പ്രവർത്തനം ഇപ്പോൾ നടന്ന് വരുന്നു. അതോടൊപ്പം പദ്ധതി പ്രവർത്തനം ശക്തിപ്പെടുത്തുന്നതിലേയ്ക്കായി ഗ്രാമസഭ ഫെസിലിറ്റേറ്റർമാർ, എസ്.സി./ എസ്.റ്റി. പ്രമോട്ടർമാർ, അയൽക്കൂട്ട പ്രതിനിധികൾ, സ്വയം സഹായ സംഘങ്ങൾ തുടങ്ങിയവർക്കുള്ള പരിശീലനം വരും മാസങ്ങളിൽ വിപുലമായി സംഘടിപ്പിക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്.**

ബി. ഇതിനായി സാധന സാമഗ്രികൾ ഉപയോഗിച്ച് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ നടപടി എടുക്കുമോ ;

ബി. **സാധനസാമഗ്രികൾ വാങ്ങുന്നതിനും സംഭരിക്കുന്നതിനും വിനിയോഗിക്കുന്നതിനും മാർഗ്ഗനിർദ്ദേശങ്ങൾ തയ്യാറാക്കുന്നതിനുള്ള നടപടി പുരോഗമിച്ച് വരുന്നു.**

| | | | |
|---|---|---|---|
| സി. | ഗ്രാമീണ അടിസ്ഥാനസൗകര്യങ്ങൾ ലഭ്യമാക്കാൻ പദ്ധതിയിൽ പറഞ്ഞിട്ടുള്ള എന്തെല്ലാം നടപടികൾ കൈകൊണ്ടിട്ടുണ്ട് ? | സി. | **തൊഴിലുറപ്പ് നിയമത്തിൽ അനുശാസിക്കും പ്രകാരം ഗ്രാമപ്രദേശങ്ങളിലെ പൊതുവായ സ്ഥലങ്ങളിലെ ജലസംരക്ഷണ പ്രവർത്തനം,വരൾച്ചാ നിവാരണം, ജലസേചന തോടുകളുടെ പുനരുദ്ധാരണം, ഭൂവികസനം, വെള്ളപ്പൊക്ക നിവാരണം, കുളങ്ങളുടെ പുനരുദ്ധാരണം എന്നിവയും എല്ലാ കാലാവസ്ഥയ്ക്കും അനുയോജ്യമായ റോഡുകളുടെ നിർമ്മാണം, നടപ്പിലാക്കുന്ന മൊത്തം പദ്ധതികളുടെ 10%-ൽ അധികരിക്കാതെ ഏറ്റെടുത്ത് അടിസ്ഥാന സൗകര്യ വികസനത്തിനായി പ്രയോജനപ്പെടുത്താൻ നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.** |

**സെക്ഷൻ ഓഫീസർ.**